## പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 1561 06/03/2017-ൽ മറുപടിയ്ക്ക്
## ഓരോ പഞ്ചായത്തിലും ഒരു പൊതുശ്മശാനം

| ചോദ്യം<br>ശ്രീ.റോഷി അഗസ്റ്റിൻ<br>,, മോൻസ് ജോസഫ്<br>,, സി.എഫ്.തോമസ്<br>ഡോ.എൻ. ജയരാജ് | | മറുപടി<br>ശ്രീ.കെ.റ്റി. ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ആകെയുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ, എത്രയിടങ്ങളിൽ പൊതുശ്മശാനം നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | 406 ഗ്രാമപഞ്ചായത്തുകളിലും 47 മുനിസിപ്പാലിറ്റകളിലും 5 കോർപ്പറേഷനിലും പൊതുശ്മശാനങ്ങൾ നിലവിലുണ്ട്. |
| (ബി) | വർദ്ധിച്ചുവരുന്ന ജനസംഖ്യയും സ്ഥലലഭ്യതയുടെ കുറവും മൂലം ശവസംസ്കാരത്തിന് അനുഭവപ്പെടുന്ന ബുദ്ധിമുട്ട് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ ; | (ബി) | സ്ഥലലഭ്യതയുടെ കുറവ് മൂലം ശവസംസ്കാരത്തിന് അനുഭവപ്പെടുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എല്ലാ ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും പൊതുശ്മശാനം അനുവദിക്കുക എന്ന ലക്ഷ്യത്തോടെ സർക്കാർ ധനസഹായം അനുവദിച്ചുവരുന്നു. സ്ഥലം ലഭ്യമല്ലാത്തതാണ് ശ്മശാനം നിർമ്മിക്കുന്നതിലെ പ്രധാന തടസ്സം. |
| (സി) | ഓരോ പഞ്ചായത്തിലും ഒരു പൊതുശ്മശാനം എന്ന് പ്രഖ്യാപിച്ച് ആയതു നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നറിയിക്കാമോ? | (സി) | സ്ഥലം ലഭ്യമായ പഞ്ചായത്തുകളിൽ പൊതുശ്മശാനം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. |

സെക്ഷൻ ഓഫീസർ